ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.11.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയുടെ 51-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്ന ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു സത്യവാചകം ചൊല്ലിക്കൊടുക്കും.

   Justice Sanjiv Khanna will take oath as the 51st Chief Justice of India today. President Droupadi Murmu will administer oath of office to Justice Khanna, at a ceremony in NewDelhi

2. ഝാർഖണ്ഡ്, മഹാരാഷ്ട്ര നിയമ സഭാ തെരഞ്ഞെടുപ്പിലേക്കുള്ള പ്രചാരണം ഊർജിതം. കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ചേലക്കര, വയനാട് മണ്ഡലങ്ങളിലെ പരസ്യപ്രചാരണം ഇന്ന് അവസാനിക്കും.

   Campaigning for the Jharkhand and Maharashtra Legislative Assembly elections is in full swing. The campaigning in Chelakkara and Wayanad constituencies, where by-elections are being held in Kerala, will end today.

3. റഷ്യ-ഇന്ത്യ ബിസിനസ്സ് ഫോറത്തിൽ പങ്കെടുക്കുന്നതിനായി റഷ്യൻ ഉപ പ്രധാനമന്ത്രി ഡെനിസ് മാൻടുറോഫ് ഇന്ത്യയിലെത്തി.

   First Deputy Prime Minister of Russia Dennis Manturov reached India to attend the India - Russia Business Forum.

4. കേരളത്തിൻറെ ടൂറിസം വികസനത്തിന് ഉണർവേകുന്ന സീപ്ലെയിനിന്റെ പരീക്ഷണ പറക്കൽ ഇന്ന്.

   The trial of seaplane, which will boost Kerala's tourism development will happen today.

5. **വനിത ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിന് ഇന്ന് ബിഹാറിൽ തുടക്കം. കേരള സ്കൂൾ കായികമേളയ്ക്ക് ഇന്ന് സമാപനം.**

**The Women's Asian Hockey Champions Trophy 2024 will start in Bihar today. Kerala School Sports Meet to conclude today.**

====================================

## PM SWAMINARAYAN MANDIR

ഗുജറാത്തിലെ വടതാലിലുള്ള ശ്രീ സ്വാമിനാരായണ മന്ദിറിന്റെ 200-ാം വാർഷിക ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിലൂടെ പങ്കെടുക്കും.

ശ്രീ സ്വാമിനാരായണ മന്ദിർ, പതിറ്റാണ്ടുകളായി ജനങ്ങളുടെ സാമൂഹികവും ആത്മീയവുമായ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്.

====================================

## CJI OATH

ഇന്ത്യയുടെ 51-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്ന ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവനിൽ നടക്കുന്ന പ്രത്യേക ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ജസ്റ്റിസ് ഖന്നയ്ക്ക് സത്യവാചകം ചൊല്ലിക്കൊടുക്കും. ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡിന്റെ പിൻഗാമിയായാണ് ജസ്റ്റിസ് സഞ്ജീവ് ഖന്ന സ്ഥാനമേൽക്കുന്നത്. 2019 ജനുവരിയിലാണ് അദ്ദേഹം സുപ്രീംകോടതി ജഡ്ജിയായ നിയമിതനായത്.

====================================

## JHARKHAND CAMPAIGNING

ഝാർഖണ്ഡിൽ നിയമ സഭാ തെരഞ്ഞെടുപ്പിലേക്കുള്ള ആദ്യ ഘട്ട വോട്ടെടുപ്പ് ബുധനാഴ്ച നടക്കാനിരിക്കെ പ്രചാരണത്തിന് ചൂടേറി. ആദ്യ ഘട്ടത്തിൻറെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. രണ്ടാം ഘട്ടത്തിൽ 38 സീറ്റുകളിലേക്ക് ഈ മാസം 20-ന് വോട്ടെടുപ്പ് നടക്കും.

====================================

**REV. MAHARASHTRA – MANIFESTO**

മഹാരാഷ്ട്രയിൽ ഭാരതീയ ജനതാ പാർട്ടിയും പ്രതിപക്ഷമായ മഹാ വികാസ് അഘാഡിയും നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രകടനപത്രിക പുറത്തിറക്കി. ബി ജെ പി പ്രകടനപത്രിക കേന്ദ്ര ആഭ്യന്തര മന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ മുംബൈയിലാണ് പുറത്തിറക്കിയത്. പ്രതിപക്ഷമായ മഹാ വികാസ് അഘാഡി സഖ്യത്തിൻറെ പ്രകടന പത്രിക കോൺഗ്രസ് അധ്യക്ഷൻ മാലികാർജുൻ ഖാർഗെ പുറത്തിറക്കി. എൻ.സി.പി, ശിവസേന എന്നീ പാർട്ടികളും പ്രചാരണം ഊർജിതമാക്കിയിട്ടുണ്ട്.

====================================

**WAYANAD – (INTRO)**

ഉപതിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം അവസാനിക്കാൻ മണിക്കൂറുകൾ മാത്രം ബാക്കിനിൽക്കെ വയനാട് ലോക്സഭാമണ്ഡലത്തിൽ പ്രചാരണം കൊഴുപ്പിച്ച് മുന്നണികൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്....**

**(VOICE........)**

====================================

**BY ELECTION KERALA**

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ ചേലക്കര നിയമസഭാ മണ്ഡലത്തിലും പരസ്യപ്രചാരണം ഇന്ന് സമാപിക്കും. നാളെ നിശബ്ദ പ്രചാരണമാണ്. ബുധനാഴ്ചയാണ് വോട്ടെടുപ്പ്. പാലക്കാട് നിയമസഭാ മണ്ഡലത്തിൽ ഈ മാസം 20 നാണ് വോട്ടെടുപ്പ്. മൂന്നിടങ്ങളിലേയും വോട്ടെണ്ണൽ നവംബർ 23 ന് നടക്കും.

====================================

**PALAKKAD - (INTRO)**

വിവാദമായ രാഷ്ട്രീയ വിഷയങ്ങൾ മുന്നണികൾക്ക് വിട്ടുകൊടുത്ത് പ്രാദേശിക വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പ്രചാരണത്തിലാണ് പാലക്കാട് മണ്ഡലത്തിലെ സ്ഥാനാർത്ഥികൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**

**പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....**

**(വോയിസ്......)**

==================================

**DENIS MANTUROV- INDIA VISIT**

റഷ്യ-ഇന്ത്യ ബിസിനസ്സ് ഫോറത്തിൽ പങ്കെടുക്കുന്നതിനായി റഷ്യൻ ഉപ പ്രധാനമന്ത്രി ഡെനിസ് മാൻടുറോഫ് ഇന്ത്യയിലെത്തി. മുംബൈയിൽ നടക്കുന്ന സമ്മേളനത്തിൽ ഉഭയകക്ഷി വ്യാപാരം, വാണിജ്യം എന്നിവ വർധിപ്പിക്കുന്നത് സംബന്ധിച്ച നടപടികൾ ചർച്ചയാകുമെന്ന് വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ സമൂഹമാധ്യമത്തിൽ അറിയിച്ചു.

==================================

**RGKAR TRIAL - COURT**

പശ്ചിമ ബംഗാളിലെ ആർജി കർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വനിതാ ഡോക്ടറെ ക്രൂരമായി പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിൻ്റെ വിചാരണ ഇന്ന് ആരംഭിക്കും. അതിവേഗ പ്രത്യേക കോടതിയാണ് കേസ് പരിഗണിക്കുന്നത്. ഇക്കഴിഞ്ഞ ഓഗസ്റ്റ് 9-നാണ് സംഭവം നടന്നത്. കേസിൽ സിബിഐ സമർപ്പിച്ച ആദ്യ കുറ്റപത്രത്തിൽ സഞ്ജയ് റോയ് മാത്രമാണ് പ്രതിയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

==================================

**SEA PLANE - KOCHI**

കേരളത്തിൻറെ ടൂറിസം വികസന സ്വപ്നങ്ങൾക്ക് പുതിയ പ്രതീക്ഷകൾ നൽകുന്ന സീപ്ലെയിനിന്റെ പരീക്ഷണ പറക്കൽ ഇന്ന് രാവിലെ കൊച്ചി ബോൾഗാട്ടി മറീനയിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി പി എ മുഹമ്മദ് റിയാസ് ഫ്ലാഗ് ഓഫ് ചെയ്യും. കൊച്ചിയിൽ നിന്ന് പുറപ്പെടുന്ന സീപ്ലെയിൻ ഇടുക്കി മാട്ടുപ്പെട്ടി ഡാമിലെ ജലാശയത്തിൽ ഇറങ്ങും. സി പ്ലെയിൻ പരീക്ഷണ പറക്കലിനോട് അനുബന്ധിച്ച് ഇന്ന് രാവിലെ 9 മണി മുതൽ 11 മണി വരെ എല്ലാ ബോട്ടുകൾക്കും കൊച്ചി കായലിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

==================================

**SUPER LEAGUE (INTRO)**

പ്രഥമ സൂപ്പർ ലീഗ് കേരള കിരീടം കാലിക്കറ്റ് എഫ്സിക്ക്. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന ഫൈനലിൽ കൊച്ചിയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തോൽപ്പിച്ചാണ് കാലിക്കറ്റ് കപ്പുയർത്തിയത്.

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു**
**തയ്യാറാക്കിയ റിപ്പോർട്ട്....**
**(VOICE.......)**

==================================

**ASIAN HOCKEY TROPHY**

വനിത ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിന് ഇന്ന് ബിഹാറിലെ രാജ്-ഗിറിൽ തുടക്കമാകും. മുഖ്യമന്ത്രി നിതീഷ് കുമാർ 10 ദിവസത്തെ ഹോക്കി ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്യും. ഇതാദ്യമായാണ് ബിഹാർ ഒരു അന്താരാഷ്ട്ര കായിക മത്സരത്തിന് വേദിയാകുന്നത്. ഇന്ത്യയ്ക്ക് പുറമെ ചൈന, ജപ്പാൻ, മലേഷ്യ,

കൊറിയ, തായ് ലൻഡ് എന്നീ രാജ്യങ്ങളും ചാമ്പ്യൻഷിപ്പിൽ മാറ്റുരയ്ക്കും.

==================================

## SCHOOL GAMES- END

സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപന സമ്മേളനം ഇന്ന് വൈകിട്ട് എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കായികമേളയുടെ സമാപനത്തോടനുബന്ധിച്ച് എറണാകുളം വിദ്യാഭ്യാസ ജില്ലയിലെ കേരള സിലബസ് പ്രകാരമുള്ള എല്ലാ സ്കൂളുകൾക്കും ഇന്ന് ജില്ലാ കളക്ടർ അവധി നൽകി.

==================================

## SCHOOL GAMES

സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് ഇന്ന് തിരശ്ശീല വീഴുമ്പോൾ ഓവറോൾ ചാമ്പ്യൻ പട്ടം ഉറപ്പിച്ച് തിരുവനന്തപുരം ജില്ല. 1,926 പോയിൻറുമായാണ് തലസ്ഥാന ജില്ല ഒന്നാം സ്ഥാനത്തുള്ളത്. തൃശൂർ രണ്ടാമതും മലപ്പുറം മൂന്നാമതുമാണ്. അത്ലറ്റിക്സിൽ മലപ്പുറമാണ് ഒന്നാം സ്ഥാനത്ത്. ഗെയിംസ് ഇനത്തിലും തിരുവനന്തപുരമാണ് ഒന്നാം സ്ഥാനത്ത്.

==================================

## CRICKET- T20 IND-SA

ദക്ഷിണാഫ്രിക്കയ്ക്ക് എതിരായ രണ്ടാം ട്വൻറി- 20 മത്സരത്തിൽ ഇന്ത്യക്ക് തോൽവി. ഇന്നലെ രാത്രി സെൻറ് ജോർജ് പാർക്കിൽ നടന്ന ഏറ്റുമുട്ടലിൽ ദക്ഷിണാഫ്രിക്ക ഇന്ത്യയെ മൂന്ന് വിക്കറ്റിന് പരാജയപ്പെടുത്തി. ഇന്ത്യ ഉയർത്തിയ 125 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ആതിഥേയർ 19 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 128 റൺസെടുത്തു. ദക്ഷിണാഫ്രിക്കയുടെ വിജയത്തോടെ നാല്

മത്സരങ്ങളുടെ പരമ്പര 1-1 ന് സമനിലയിലായി. മൂന്നാം മത്സരം ബുധനാഴ്ച സെഞ്ചൂറിയനിൽ നടക്കും.

==================================

**MOS GEORGE CURIAN**

കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻറെ ആഭിമുഖ്യത്തിൽ, കേന്ദ്ര പദ്ധതികളെ കുറിച്ചുള്ള ബോധവൽക്കരണ-പ്രദർശന പരിപാടിക്ക് ഇന്ന് എറണാകുളത്ത് തുടക്കമാകും. അങ്കമാലിയിൽ നടക്കുന്ന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. തപാൽ വകുപ്പിൻറെ ആധാർ സേവനങ്ങൾ, ദേശീയ ആയുഷ് മിഷന്റെ ആയുർവേദ, ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

==================================

**NHRC MEA- PROGRAMME**

മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ലക്ഷ്യമിട്ട് ദേശീയ മനുഷ്യാവകാശ കമ്മീഷൻ വിദേശകാര്യ മന്ത്രാലയവുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന, ഇന്ത്യൻ ടെക്നിക്കൽ ആൻഡ് ഇക്കണോമിക് കോഓപ്പറേഷൻ എക്സിക്യൂട്ടീവ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന്, ഇന്ന് തുടക്കമാകും. മാലിദ്വീപ്, നേപ്പാൾ, ശ്രീലങ്ക, തായ് ലൻഡ് തുടങ്ങിയ എട്ട് രാജ്യങ്ങളിൽ നിന്നുള്ള മനുഷ്യാവകാശ സ്ഥാപനങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥർ പരിപാടിയിൽ പങ്കെടുക്കും.

==================================

## NATIONAL EDUCATION DAY

ഇന്ന് ദേശീയ വിദ്യാഭ്യാസ ദിനം. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ വിദ്യാഭ്യാസ മന്ത്രിയായിരുന്ന മൗലാന അബ്ദുൾ കലാം ആസാദിൻറെ ജന്മദിനമാണ് ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നത്. രാജ്യത്തിൻറെ ഭാവി രൂപീകരിക്കുന്നതിന് വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം ഉയർത്തിക്കാട്ടുന്നതാണ് ദിനാചരണം ലക്ഷ്യമിടുന്നത്.

==================================

## COP29

29-ാമത് യു.എൻ കാലാവസ്ഥാ വ്യതിയാന സമ്മേളനം ഇന്ന് അസർബൈജാനിലെ ബാക്കുവിൽ ആരംഭിക്കും. രണ്ടാഴ്ച നീളുന്ന സമ്മേളനത്തിൽ കാലാവസ്ഥാ ആഘാതങ്ങൾക്ക് ഏറ്റവും സാധ്യതയുള്ള രാജ്യങ്ങൾക്കായി പുതിയ ലക്ഷ്യം നേടുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കും. പാരീസ് ഉടമ്പടിയുടെ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള മാർഗങ്ങൾ, ഇന്ത്യ ഉൾപ്പെടെ 200-ഓളം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ചർച്ച ചെയ്യും.

==================================

==================================

==================================